LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ നിയോജകമണ്ഡലത്തിൽ മ്യൂസിയം വകുപ്പ് പദ്ധതികൾ

371 (981) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ മ്യൂസിയം വകുപ്പ് മുഖേന നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ;

&

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ നിലവിൽ മ്യൂസിയം വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികളെന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) മ്യൂസിയം വകുപ്പിന് കീഴിൽ ആലപ്പുഴ നിയോജകമണ്ഡലത്തിൽ ഇപ്പോൾ പദ്ധതികളൊന്നും നടപ്പാക്കുന്നില്ല.

മ്യൂസിയം വിപുലീകരണ പദ്ധതി

372 (982) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് ഉറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ഈസ്റ്റ് ഹില്ലിലെ കൃഷ്ണമേനോൻ മ്യൂസിയം, പഴശ്ശിരാജ മ്യൂസിയം എന്നിവ വിപുലീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കോഴിക്കോട് ഈസ്റ്റ് ഹില്ലിൽ പ്രവർത്തിക്കുന്ന ആർട്ട് ഗ്യാലറി & കൃഷ്ണമേനോൻ മ്യൂസിയം കെട്ടിടത്തിന്റെ നിലവിലുള്ള മേൽക്കൂരയിൽ സ്ഥാപിച്ചിട്ടുള്ള ഷീറ്റ് മാറ്റി മ്യൂസിയത്തിന്റെ തനത് പൈതൃക ശൈലിയിൽ പരമ്പരാഗതമായ ഓടുകൾ പാകി കെട്ടിടത്തിന്റെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനാവശ്യമായ ബലപ്പെടുത്തൽ അടക്കമുള്ള കൺസർവേഷൻ പ്രവൃത്തികൾ നടത്തുന്നതിന് Rs. 76,94,010 രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് 19-7-2021-ൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കഴിവതും വേഗം ടി മ്യൂസിയത്തിന്റെ സംരക്ഷണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. കൂടാതെ പ്രസ്തുത മ്യൂസിയത്തിൽ ആധുനിക രീതിയിൽ കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റങ്ങളുൾക്കൊണ്ട് പ്രദർശന സംവിധാനം സജ്ജീകരിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനായി സർക്കാർ നോഡൽ ഏജൻസിയായ M/s കേരള ചരിത്ര പൈതൃക മ്യൂസിയം മുഖേന നടപടി സ്വീകരിച്ചു വരുന്നു. ഇതിനുപുറമെ ഈ മ്യൂസിയത്തിന്റെ മുന്നിൽ മനോഹരമായ ബട്ടർഫ്ലൈ

LIBRARY ARCHIVES Kerala Legislative Assembly

ഗാർഡൻ സ്ഥാപിച്ചുവരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ പുരാവസ്തുവകുപ്പ് കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയത്തിന്റെ സമഗ്ര വികസന പ്രവൃത്തികൾ നടത്തിവരുന്നു. മേൽ പദ്ധതിയുടെ അടങ്കൽ 337.41 ലക്ഷം രൂപയാണ്. നാളിതുവരെ കേന്ദ്ര സർക്കാർ വിഹിതമായി 195.72 ലക്ഷം രൂപയും സംസ്ഥാന സർക്കാർ വിഹിതമായി 42.19 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. മ്യൂസിയം പുന:സജ്ജീകരണ പ്രവൃത്തികൾ സർക്കാർ നോഡൽ ഏജൻസിയായ ഇന്ദിരാഗാന്ധി മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള (കേരള മ്യൂസിയം) വഴി നടന്നുവരുന്നു.

ചാലക്കുടി ട്രാംവേ റെയിൽ പൈതൃക മ്യൂസിയം

373(983) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ട്രാംവേ റെയിൽ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ചാലക്കുടിയിൽ ട്രാംവേ റെയിൽ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിന് 29-9-2020-ലെ സ.ഉ.(സാധാ) നമ്പർ 374/2020/ സാം.കാ.വ. ഉത്തരവുപ്രകാരം ഒരു കോടി നാൽപ്പത്തിരണ്ടു ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികളിൽ മ്യൂസിയം സ്ഥാപിക്കുന്ന കെട്ടിടത്തിന്റെ സംരക്ഷണ ജോലികൾ, മ്യൂസിയം സജ്ജീകരണം എന്നീ രണ്ട് ഘടകങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. മ്യൂസിയം സ്ഥാപിക്കുന്ന കെട്ടിടത്തിന്റെ സംരക്ഷണ ജോലികൾക്ക് 9-4-2021-ൽ കരാറുകാരന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

മ്യൂസിയം സ്ഥാപിക്കുന്ന കെട്ടിടത്തിന്റെ സംരക്ഷണ ജോലികൾ, മ്യൂസിയം സജ്ജീകരണം എന്നീ രണ്ടുഘടകങ്ങളാണ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്.

(സി) മ്യൂസിയം നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

നിലവിൽ ജലസേചന വകുപ്പിന്റെ കൈവശമുള്ള കെട്ടിടവും സ്ഥലവും കേരള പുരാവസ്തുവകുപ്പിന് മ്യൂസിയം സജ്ജീകരിക്കുന്നതിലേക്ക് വിട്ടുനൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതുപൂർത്തിയായാൽ ഉടൻതന്നെ മ്യൂസിയം സ്ഥാപിക്കുന്ന കെട്ടിടത്തിന്റെ സംരക്ഷണ ജോലികൾ ആരംഭിക്കുന്നതാണ്.